ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ്
എൻ. എച്ച് ബൈപാസ് ജംഗ്ഷൻ, ചാക്ക,
തിരുവനന്തപുരം - 24

നമ്പർ: പിഎ3/7707/2021/എച്ച്.ആർ.ഡി                                                  തീയതി: 16.12.2021

## സർക്കുലർ

വിഷയം: ഐ. എച്ച്.ആർ.ഡി – സ്ക്രാപ്പ് ചെയ്യുന്നഉപകരണങ്ങളുടെ പ്രവർത്തനക്ഷമമായ ഘടകങ്ങൾ റീജണൽ സെന്റർ, പി.എം.ഡി, തിരുവനന്തപുരത്തിന് കൈമാറുന്നതിന് നിർദ്ദേശങ്ങൾ നൽകി ഉത്തരവാകുന്നു.

സൂചന: 06.10.2021 തീയതിയിലെ പി.എം.ഡി, ഡിവിഷൻ ഹെഡ്, റീജണൽ സെന്റർ തിരുവനന്തപുരത്തിന്റെ കത്ത് നമ്പർ RE1/2/2013/RCTVM

സൂചന കത്തിൽ വിവിധ ഐ.എച്ച്.ആർ.ഡി സ്ഥാപനങ്ങളിൽ പ്രവർത്തനക്ഷമമല്ലാത്ത കമ്പ്യൂട്ടർ/ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ സ്ക്രാപ്പ് ചെയ്യുന്നുണ്ടെങ്കിൽ അത് റീജണൽ സെന്റർ, പി.എം.ഡി, തിരുവനന്തപുരം ഡിവിഷന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. സ്ക്രാപ്പ് ചെയ്യുന്ന കമ്പ്യൂട്ടർ/ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ പ്രവർത്തനക്ഷമമായ ഘടകങ്ങൾ കമ്പ്യൂട്ടറുകളുടെ/ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ സർവ്വീസിംഗിന് ഉപയോഗിക്കാവുന്നതും അതുവഴി സ്പെയർപാർട്ട്സ് വാങ്ങുന്ന ചിലവ് കുറക്കാവുന്നതുമാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ആയതിനാൽ ഐ.എച്ച്.ആർ.ഡിയുടെ വിവിധ സ്ഥാപനങ്ങളിലെ പ്രവർത്തനക്ഷമമല്ലാത്ത കമ്പ്യൂട്ടർ/ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ സ്ക്രാപ്പ് ചെയ്യുന്നുണ്ടെങ്കിൽ, ആയത് സ്ക്രാപ്പ് ചെയ്യുന്നതിന് ചട്ടപ്രകാരമുള്ള എല്ലാ നടപടികളും പൂർത്തിയാക്കിയതിന് ശേഷം അതിൽ ആവശ്യമായ ഉപകരണങ്ങൾ നിയമവിധേയമായി റീജണൽ സെന്റർ, പി.എം.ഡി, തിരുവനന്തപുരത്തിന് നൽകേണ്ടതാണ്. ഇത്തരത്തിൽ കൈമാറുന്ന കമ്പ്യൂട്ടർ/ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

ഒപ്പ്
ഡയറക്ടർ

പകർപ്പ്

1. എല്ലാ സ്ഥാപന മേധാവികൾക്കും
2. സോഫ്റ്റ് വെയർ ഡിവിഷൻ–ഐ.എച്ച്.ആർ.ഡിയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി
3. കരുതൽ ഫയൽ

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്